(ബി) നിർമ്മാണം പൂർത്തിയായ റോഡുകളുടെ അളവ്, ഗുണനിലവാരം എന്നിവ പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) 2004-05 2005-06 വർഷങ്ങളിൽ എത്രകോടി രൂപയുടെ പദ്ധതികളാണ് കെ. എസ്. ടി. പി. യിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതിക്കാവശ്യമായ നിർമ്മാണ പദാർത്ഥങ്ങൾ മുതൽ പണിതീർന്ന റോഡുവരെ വിവിധ ഘട്ടങ്ങളിൽ പരിക്ഷണ വിധേയമാക്കുന്നു. ഐ. ആർ. സി. പ്രകാരമുള്ള പരിശോധനകളിൽ യോഗ്യതനേടുന്ന പണികൾ മാത്രമേ അംഗീകരിക്കുകയുള്ളു. എല്ലാ പദ്ധതിയിലും അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങളുള്ള പരീക്ഷണ ശാലകളും ഐ. ആർ. സി., ഐ. എസ്. എസ്. തുടങ്ങിയവ നിഷ്കർഷിച്ചിട്ടുള്ള യന്ത്ര സാമഗ്രികളും സ്ഥാപിച്ചിട്ടുണ്ട്. നിർമ്മാണ പദാർത്ഥങ്ങൾ ഖനനം ചെയ്യുന്നതു മുതൽ പണി തീരുന്നതുവരെയുള്ള വിവിധ ഘട്ടങ്ങളിൽ നിത്യവും പരിശോധനകൾ നടത്തുന്നുണ്ട്.

(സി) 2004-05-ൽ—235.00 കോടി രൂപയുടെ പണികളും 2005-06-ൽ 575.00 കോടി രൂപയുടെ പണികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം-കുമരകം റോഡ്, പൊന്നാനി-കോഴിക്കോട് റോഡ് എന്നിവയുടെ നിർമ്മാണം

161 [1404] ശ്രീ. മഞ്ഞളാംകുഴി അലി :
,, കെ. കെ. ജയചന്ദ്രൻ :
,, രാജു എബ്രഹാം :
,, പി. സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം-കുമരകം റോഡ്, പൊന്നാനി-കോഴിക്കോട് റോഡ് എന്നിവ ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം സംബന്ധിച്ച് ഏതെങ്കിലും സ്വകാര്യ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളുമായാണ് ചർച്ച നടത്തിയത് ;

(സി) ഈ റോഡുകളുടെ നിർമ്മാണം സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) പ്രസ്തുത പദ്ധതി ജിം സമ്മേളനത്തിൽ സമർപ്പിച്ചിരുന്നുവോ ;

(ഇ) ജിം സമ്മേളനത്തിൽ ഈ പദ്ധതിയോട് ഏതെങ്കിലും സ്വകാര്യ സംരംഭകർ താൽപര്യം പ്രകടിപ്പിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏതെങ്കിലും വിദേശ കമ്പനി ഈ പ്രോജക്ടിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അവരുമായി ഏതെങ്കിലും നിലയിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ റോഡുകളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. ചേർത്തല എൻ. എച്ച്. 47 മുതൽ കോട്ടയം-കോടിമത വരെയുള്ള 28½ കി. മീറ്റർ റോഡിന് ഏകദേശം 212 കോടി രൂപയും കോട്ടയം-കോടിമത മുതൽ മണർകാട് വരെയുള്ള 8 കി. മീ. റോഡിന് ഏകദേശം 43 കോടി രൂപയും പൊന്നാനി കോഴിക്കോട് റോഡിന് ഏകദേശം 340 കോടിയും ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) കോട്ടയം-കുമരകം റോഡ്, പൊന്നാനി-കോഴിക്കോട് റോഡ് എന്നീ പദ്ധതികൾ ജിം സമ്മേളനത്തിൽ സമർപ്പിച്ചിരുന്നു.

(ഇ) പ്രസ്തുത പദ്ധതികളിൻമേൽ ചില സ്വകാര്യ സംരംഭകർ താത്പര്യം പ്രകടിപ്പിച്ചിരുന്നു.

(എഫ്) ഇല്ല.

മരാമത്ത് വകുപ്പ് ഏറ്റെടുത്ത മഞ്ചേരി മണ്ഡലത്തിലെ വില്ലേജ് റോഡുകൾ

162 [1405] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ വില്ലേജ് റോഡുകൾ ഏതെങ്കിലും ഏറ്റെടുക്കുന്നതിന് മരാമത്ത് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം റോഡുകളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി) & (സി) മഞ്ചേരി മണ്ഡലത്തിലെ ഇടവണ്ണപ്പാറ-ഇളമരം റോഡ്, കാവന്നൂർ-തൃപ്പനാച്ചി-മോങ്ങം റോഡ്, പൂവത്തിങ്കൽ-കിണറാടപ്പൻ-പീടികപ്പാറ റോഡ് വിളയിൽ-യത്തീംഖാന റോഡ്, ആലുംകുന്ന്-നറുകര റോഡ് പൂവത്തിങ്കൽ-കല്ലറട്ടി ഈസ്റ്റ്-വടക്കുമുറി വഴിക്കടവ്-പത്തനാപുരം റോഡ് തുടങ്ങിയവ ഏറ്റെടുക്കുവാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly